**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3093** **11-03-2025 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ - ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെയുള്ള നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 2021 ഒക്ടോബർ 5-ാം തീയതി ചേർന്ന യോഗത്തിൽ മലയോര ഹൈവേയുടെ അലൈൻമെന്റിൽ നിന്നും ആറാം മൈൽ, എളംപ്ലാശ്ശേരി, കുരുത്തിക്കുടി ഭാഗം ഒഴിവാക്കാൻ തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ; | (എ) | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന മലയോര ഹൈവേയുടെ അലൈൻമെന്റ് 06.07.2019-ലെ സ.ഉ .(എം.എസ്) നം.44/2009/ പൊ.മ.വ. പ്രകാരം അംഗീകരിച്ചു. വനഭൂമിയിലൂടെയുള്ള അലൈൻമെന്റിന് വനം വകുപ്പിന്റെ അനുമതി ലഭിക്കുവാൻ പ്രയാസം നേരിട്ടതിനെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ KIIFB, KRFB, NATPAC, വനം വകുപ്പ് ഉദ്യോഗസ്ഥരുമായി 05.10.2021-ൽ യോഗം ചേർന്നു. സംരക്ഷിത വന ഭൂമിയിലൂടെ ഉള്ള എറണാകുളം ജില്ലയിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയുടെ കീഴിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ വരെയുള്ള അലൈൻമെന്റിന്റെ നിർമ്മാണത്തിൽ വനം വകുപ്പിന്റെ എതിർപ്പ് നേരിട്ടതിനാൽ നേര്യമംഗലത്തിനു ശേഷം ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള NH-85 റോഡിലൂടെ മലയോര ഹൈവേയുടെ അലൈൻമെൻറ് മാറ്റുവാനും കൂടാതെ ആറാം മൈൽ മുതൽ എളംപ്ലാശേരി വരെയുള്ള റോഡ് നിലവിലുള്ള വീതിയിൽ മെച്ചപ്പെടുത്താനും എളംപ്ലാശേരി മുതൽ കുറത്തിക്കുടി വരെയുള്ള റോഡ് 5.5 m വീതിയിൽ paver block ഉപയോഗിച്ച് മെച്ചപ്പെടുത്താനും പ്രാഥമിക നടപടികൾ എടുക്കുന്നതിനും തീരുമാനിച്ചു |
| (ബി) | ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള ദേശീയ പാത മലയോര ഹൈവേ ആയി ഉപയോഗിക്കുവാനും ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുവാനും അനുമതി ലഭിച്ചിരുന്നോ; വിശദമാക്കുമോ; | (ബി) | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന മലയോര ഹൈവേയുടെ അലൈൻമെന്റ് 06.07.2019-ലെ സ.ഉ .(എം.എസ്) നം.44/2009/ പൊ.മ.വ. പ്രകാരം അംഗീകരിച്ചു. വനഭൂമിയിലൂടെയുള്ള അലൈൻമെന്റിന് വനം വകുപ്പിന്റെ അനുമതി ലഭിക്കുവാൻ പ്രയാസം നേരിട്ടതിനെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ |

| | | | |
|---|---|---|---|
| | | | KIIFB, KRFB, NATPAC, വനം വകുപ്പ് ഉദ്യോഗസ്ഥരുമായി 05.10.2021-ൽ യോഗം ചേർന്നു. സംരക്ഷിത വന ഭൂമിയിലൂടെ ഉള്ള എറണാകുളം ജില്ലയിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയുടെ കീഴിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ വരെയുള്ള അലൈൻമെന്റിന്റെ നിർമ്മാണത്തിൽ വനം വകുപ്പിന്റെ എതിർപ്പ് നേരിട്ടതിനാൽ നേര്യമംഗലത്തിനു ശേഷം ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള NH-85 റോഡിലൂടെ മലയോര ഹൈവേയുടെ അലൈൻമെൻറ് മാറ്റുവാനും കൂടാതെ ആറാം മൈൽ മുതൽ എളംപ്ലാശേരി വരെയുള്ള റോഡ് നിലവിലുള്ള വീതിയിൽ മെച്ചപ്പെടുത്താനും എളംപ്ലാശേരി മുതൽ കുറത്തിക്കുടി വരെയുള്ള റോഡ് 5.5 m വീതിയിൽ paver block ഉപയോഗിച്ച് മെച്ചപ്പെടുത്താനും പ്രാഥമിക നടപടികൾ എടുക്കുന്നതിനും തീരുമാനിച്ചു |
| (സി) | എളംപ്ലാശ്ശേരി മുതൽ കുരുത്തിക്കുടി വരെ 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് വച്ച് നിർമ്മാണം നടത്തുവാൻ എടുത്ത തീരുമാനം നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ KIIFB, KRFB, NATPAC, വനം വകുപ്പ് ഉദ്യോഗസ്ഥരുമായി 05.10.2021 -ൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ആറാം മൈൽ മുതൽ എളംപ്ലാശേരി വരെയുള്ള റോഡ് നിലവിലുള്ള വീതിയിൽ മെച്ചപ്പെടുത്താനും എളംപ്ലാശേരി മുതൽ കുറത്തിക്കുടി വരെയുള്ള റോഡ് 5.5 m വീതിയിൽ paver block ഉപയോഗിച്ച് മെച്ചപ്പെടുത്താനും പ്രാഥമിക നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചത് പ്രകാരം ആയതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രദേശത്തിന്റെ പൊതുവായ വികസനത്തിനും ടൂറിസം മേഖലയുടെ വികസനത്തിനും വലിയ സാധ്യത നൽകുന്ന പദ്ധതിയായ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് 2021 ഒക്ടോബർ 5-ാം തീയതി നടന്ന യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ KIIFB, KRFB, NATPAC, വനം വകുപ്പ് ഉദ്യോഗസ്ഥരുമായി 05.10.2021 -ൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ആറാം മൈൽ മുതൽ എളംപ്ലാശേരി വരെയുള്ള റോഡ് നിലവിലുള്ള വീതിയിൽ മെച്ചപ്പെടുത്താനും എളംപ്ലാശേരി മുതൽ കുറത്തിക്കുടി വരെയുള്ള റോഡ് 5.5 m വീതിയിൽ paver block ഉപയോഗിച്ച് മെച്ചപ്പെടുത്താനും പ്രാഥമിക നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചത് പ്രകാരം ആയതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ